കണ്ണൂർ ജില്ലയിലെ കാട്ടാംപള്ളി പദ്ധതി

74 [1792] ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കാട്ടാംപള്ളി പദ്ധതിയുടെ ന്യൂനതകൾ പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിലെ പോരായ്മകളെക്കുറിച്ച് പഠിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ കൈപ്പാട് കൃഷി നിലത്ത് ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനുവേണ്ടി 1966-ൽ കാട്ടംപ്പള്ളി പുഴയ്ക്ക് കുറുകെ, ഒരു റഗുലേഷൻ-കം-ബ്രിഡ്ജ് നിർമ്മിക്കുകയുണ്ടായി. അന്ന് സ്ഥാപിച്ചിരുന്ന ഷട്ടറുകളിൽ കേടായ ഷട്ടറുകൾ മാറ്റി സ്ഥാപിച്ചതുകൊണ്ട് ആവശ്യാനുസരണം ഷട്ടറുകൾ പ്രവർത്തിപ്പിച്ച് ഉപ്പുവെള്ളത്തെ നിയന്ത്രിക്കാൻ ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ട്. ഷട്ടറുകളിലെ അടിഭാഗത്തുള്ള റബർ സീലുകൾക്ക് തേയ്മാനം സംഭവിച്ചതിനാൽ ഷട്ടറിനടിയിലൂടെ ഉപ്പുവെള്ളം ലീക്ക് ചെയ്യുന്നുണ്ട്. പ്രസ്തുത റബ്ബർ സീലുകൾ മാറ്റുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

രണ്ടാം ഘട്ട പദ്ധതിപ്രകാരം 5600 മീറ്റർ നീളത്തിൽ മാർജിനൽ ബണ്ട് നിർമ്മിക്കുന്നതിനും 20 ഹെഡ് സ്ലൂയിസുകളുടെ നിർമ്മാണത്തിനും ഒരു വി.സി.ബി.യുടെ നിർമ്മാണത്തിനും ഉള്ള ഭരണാനുമതി 22-3-2004-ലെ ജി.ഒ. (ആർ‌റ്റി.) 348/04/ജി.പി.വ. നമ്പർ ഉത്തരവ് പ്രകാരം 1,51,55,000 രൂപയ്ക്ക് നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് ജനപ്രതിനിധികൾ, കർഷക സംഘടനകൾ ഭാരവാഹികൾ, ഉദ്യോഗസ്ഥർ എന്നിവരുടെ ഒരു യോഗം ചേരാനുദ്ദേശിക്കുന്നു.

പീരുമേട് നിയോജകമണ്ഡലത്തിലെ പാവാനിതോടിന്റെ തീരം ബണ്ട് കെട്ടാൻ നടപടി

75 [1793] ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly